"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നവകേരളത്തിന് ജനകീയാസൂത്രണം - തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2026-27 വാർഷിക പദ്ധതി - പദ്ധതി അടങ്കൽ സംബന്ധിച്ച് വിശദീകരണം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്**

സ.ഉ.(സാധാ) നം.414/2026/LSGD തീയതി,തിരുവനന്തപുരം, 17-02-2026

പരാമർശം:- 1. സ.ഉ.(കൈ)നം.16/2026/തസ്വഭവ; തീയതി 12.01.2026

**ഉത്തരവ്**

തദ്ദേശഭരണ സ്ഥാപനങ്ങൾ അവയുടെ 2026-27 വാർഷിക പദ്ധതിക്ക് രൂപം നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ മുകളിൽ പരാമർശിച്ചിട്ടുള്ള ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഈ മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കുന്ന സമയത്ത് തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള 2026-27 ലെ ബജറ്റ് വിഹിതം സംബന്ധിച്ച വിവരങ്ങൾ ലഭ്യമായിരുന്നില്ല. അതുകൊണ്ട് 2025-26 ലെ ബജറ്റ് വിഹിതത്തെ അടിസ്ഥാനമാക്കി 2026-27 ലെ വാർഷിക പദ്ധതിക്ക് രൂപം നൽകണമെന്നാണ് പരാമർശിത ഉത്തരവിന്റെ ഖണ്ഡിക 8 പ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളത്.

2. 2026-27 ലെ സംസ്ഥാന ബജറ്റ് അവതരിപ്പിച്ചുകഴിഞ്ഞു. ഏഴാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശിപാർശകൾ പരിഗണിച്ചുകൊണ്ടാണ് വികസന ഫണ്ടും (കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഒഴികെ), മെയിന്റനൻസ് ഫണ്ടും വിഭജിച്ച് ബജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ബജറ്റ് രേഖകൾ തയ്യാറാക്കുന്ന സമയത്ത് പതിനാറാം കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ വിശദാംശങ്ങൾ ലഭ്യമായിരുന്നില്ല. അതിനാൽ 2025-26 ലെ കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിന് തത്തുല്യമായ തുക അടുത്ത വർഷത്തെ താൽക്കാലിക വിഹിതമായി ബജറ്റിൽ വകയിരുത്തുകയാണ് ചെയ്തിട്ടുള്ളത്. ഈ തുക വിഭജിച്ച് നൽകിയിട്ടില്ല.

3. പതിനാറാം കേന്ദ്ര ധനകാര്യ കമ്മീഷൻ റിപ്പോർട്ട് ഇപ്പോൾ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ടെങ്കിലും അത് സംസ്ഥാന ബജറ്റിന്റെ ഭാഗമാക്കുകയും തുക വിഭജിച്ച് നൽകുകയും ചെയ്യേണ്ടതുണ്ട്. മാത്രമല്ല ഇവയുടെ വിനിയോഗത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ കേന്ദ്ര സർക്കാർ പുറപ്പെടുവിക്കേണ്ടതുമുണ്ട്. ഈ സാഹചര്യത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2026-27 വാർഷിക പദ്ധതിയുടെ അടങ്കൽ തുക സംബന്ധിച്ച് സർക്കാർ ചുവടെയുള്ള വിശദീകരണം നൽകി ഉത്തരവാകുന്നു.

i. വികസനഫണ്ടിലെ, പൊതുവിഭാഗം സാധാരണ വിഹിതം, പട്ടികജാതി ഉപപദ്ധതി വിഹിതം, പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം എന്നിവയുടെയും റോഡിതര മെയിന്റനൻസ്

ഫണ്ട്, റോഡ് മെയിന്റനൻസ് ഫണ്ട് എന്നിവയുടെയും കാര്യത്തിൽ 2026-27ലെ ബജറ്റ് വിഹിതത്തിന് അനുസൃതമായി അടുത്ത വർഷത്തെ പ്രോജക്ടുകൾക്ക് രൂപം നല്കേണ്ടതും പ്രോജക്ടുകളുടെ വിശദാംശങ്ങൾ സുലേഖ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തി ജില്ലാ ആസൂത്രണ കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്.

ii. കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ കാര്യത്തിൽ 2025-26 ലെ വിഹിതത്തിന്റെ അടിസ്ഥാനത്തിൽ അടുത്ത വർഷത്തെ പ്രോജക്ടുകൾക്ക് രൂപം നല്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കാമെങ്കിലും തൽക്കാലം അവയുള്ള പ്രോജക്ടുകൾ സുലേഖ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തി ജില്ലാ ആസൂത്രണ കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതില്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റഷീദാ എസ്
ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
8. ഡയറക്ടർ - റൂറൽ, തദ്ദേശ സ്വയംഭരണ വകുപ്പ്
9. ഡയറക്ടർ - അർബൻ, തദ്ദേശ സ്വയംഭരണ വകുപ്പ്
10. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
11. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
12. ചീഫ് ടൗൺ പ്ലാനർ, തദ്ദേശ സ്വയംഭരണ വകുപ്പ്
13. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
14. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
15. എല്ലാ ജില്ലാ കളക്ടർമാർക്കും
16. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
17. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശ സ്വയംഭരണ വകുപ്പ്)
18. എല്ലാ ജില്ലാ ടൗൺ പ്ലാനർമാർക്കും
19. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്)
20. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
21. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
22. ഡയറക്ടർ ജനറൽ, കില
23. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
24. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
25. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
26. തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്
27. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Viraj K
Date: 17-02-2026 18:45:54

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശ സ്വയംഭരണവകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്